പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T1676** | **02.07.2015 ൽ മറുപടിയ്ക്ക്** |
| **സ്കൂൾ കൗൺസിലർമാരുടെ സേവന - വേതന വ്യവസ്ഥകൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.സി.രവീന്ദ്രനാഥ്** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സാമൂഹ്യനീതി വകുപ്പിലെ സ്കൂൾ കൗൺസിലർമാരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ; | (എ) സാമൂഹ്യനീതി വകുപ്പിലെ സ്കൂൾ കൗൺസിലർമാരുടെ സേവന വേതന വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ ? | (ബി) സ്കൂൾ കൗൺസിലർമാരെ തികച്ചും കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. ഇപ്രകാരം സേവനം നൽകുന്നതിന് സ്ഥിരം ജീവനക്കാർ ആവശ്യമില്ലാത്തതിനാലും, ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് കനത്ത സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുമെന്നതിനാലും ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സാമൂഹ്യനീതി വകുപ്പിന്റെ സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ മാനസിക പ്രശ്നങ്ങളിലേയ്ക്ക് ഇടപെടുന്നതിലേയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ്. തെരഞ്ഞെടുക്കപ്പെട്ട 500 ഹൈസ്കൂൾ/ഹയർസെക്കന്ററി സ്ക്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ 307 സർക്കാർ ഹയർ സെക്കന്ററി സ്ക്കൂളുകളിൽ കൂടി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 2009-10 വരെ കേന്ദ്രാവിഷ്കൃത പദ്ധതിയായ കിശോരി ശക്തിയോജന എന്ന പദ്ധതിയുടെ ഭാഗമായി സ്ക്കൂൾ കൗൺസിലിംഗ് പദ്ധതി നിലനിന്നിരുന്നു. 2010 മുതൽ സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിവരുന്നത് MSW/MA Psychology യോഗ്യതയുള്ള വനിതകളെയാണ് സ്ക്കൂൾ കൗൺസിലർമാരായി തെരഞ്ഞെടുക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ജില്ലാ സാമൂഹ്യനീതി ഓഫീസർ കൺവീനറും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർ, ഐസിഡിഎസ്. ജില്ലാ പ്രോഗ്രാം ഓഫീസർ എന്നിവരടങ്ങിയ അഞ്ചംഗ സമിതി ഉദ്യോഗാർത്ഥികളെ കരാർ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നു. തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളെ അതാത് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ക്കൂളുകളിൽ സ്ക്കൂൾ കൗൺസിലർമാരായി നിയമിക്കുന്നു. സ്ക്കൂൾ കൗൺസിലേഴ്സിന്റെ പ്രതിമാസ വേതനം 12,500 രൂപയാണ് 23.08.2014 ലെ സ.ഉ (സാധാ) നമ്പർ 540/2014 സാനീവ നമ്പർ ഉത്തരവ് പ്രകാരം ഏപ്രിൽ മേയ് മാസങ്ങളിൽ അങ്കണവാടികൾ സന്ദർശിച്ച് അവിടുത്തെ കുമാരി ക്ലബുകളിലെ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ജനറൽ കൗൺസിലിംഗ്, വ്യക്തിഗത കൗൺസിലിംഗ് എന്നിവ നടത്തുന്നതിന് 1,500 രൂപ സ്ഥിരം യാത്രാ ബത്ത നൽകുന്നുണ്ട്. സ്ക്കൂൾ കൗൺസിലർമാർ സർക്കാർ ജീവനക്കാർ അല്ലാത്തതിനാൽ മറ്റ് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ബോണസ്സിന് ഇവർക്ക് അർഹതയില്ല. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ വിഭാഗങ്ങൾക്ക് ഉൽസവബത്ത അനുവദിച്ചുകൊണ്ടുള്ള G.O(P)No.367/14/Fin.Datd:25.08.2014 തീയതിലെ സർക്കാർ ഉത്തരവിൽ സ്ക്കൂൾ കൗൺസിലർമാർക്ക് 900 രൂപ ഉൽസവ ബത്ത അനുവദിച്ച് ഉത്തരവായിരുന്നു. ഇവരുടെ പ്രതിമാസ ഹോണറേറിയം അതാതു ഐസിഡിഎസ്.പ്രോജക്ട് വഴി വിതരണം ചെയ്യുകയും ആയതിന്റെ അക്വിറ്റൻസ്/രസീത് ഐസിഡിഎസ്. ഓഫീസിൽ സൂക്ഷിക്കുകയും ചെയ്യുന്നു. നിലവിൽ കൗൺസിലർമാർക്ക് സ.ഉ(സാധാ)

നം.535/2009/സാ.ക്ഷേ.വ പ്രകാരം 179 ദിവസത്തെ ശമ്പള രഹിത പ്രസവാവധിയും 18.04.2009-ലെ 3049/ബി1/2009/സാക്ഷേവ നമ്പർ കത്ത് പ്രകാരം 15 ദിവസത്തെ ആകസ്മികാവധിയ്ക്കും മാത്രമേ വ്യവസ്ഥയുള്ളൂ. കൗൺസിലംഗിൽ കുട്ടിയുടെ സ്വകാര്യത ഉറപ്പു വരുത്തുവാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ അധികൃതർക്ക് നിർദ്ദേശം നൽകുകയും നടപ്പിലാക്കുകയും ചെയ്തു വരുന്നു. 01.02.2013 - ലെ സ.ഉ(സാധാ)നം.29/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള പദ്ധതിയുടെ പുതുക്കിയ ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(1) സ്ക്കൂളിലെ കൗമാരപ്രായക്കാർക്ക് മാനസിക പ്രശ്നങ്ങളുണ്ടെങ്കിൽ അവ തിരിച്ചറിയുവാൻ കഴിയുന്ന ടീച്ചർമാരെ ഉപയോഗിച്ച് ഇത്തരക്കാരെ സ്ക്കൂൾ കൗൺസിലേഴ്സിനു മുൻപിലെത്തിക്കുക.

(2) സ്ക്കൂൾ ഇതര കുട്ടികളെ അംഗൻവാടി കേന്ദ്രീകരിച്ച് തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നടത്തുക. ഒരു ബ്ലോക്ക് കേന്ദ്രീകരിച്ചുള്ള പ്രവർത്തനഘടനയായിരിക്കും സ്ക്കൂൾ കൗൺസിലർമാർക്ക് ഉണ്ടാവുക. ഒരു പ്രവർത്തന മേഖലയിലെ കൗമാരപ്രായക്കാരായ സ്ക്കൂൾ കുട്ടികളുടെയും അല്ലാത്തവരുടെയും ചുമതല സ്ക്കൂൾ കൗൺസിലേഴ്സിനായിരിക്കുന്നതാണ്.

(3) സ്ക്കൂൾ കൗൺസിലേഴ്സിന്റെ ഭരണപരമായ നിയന്ത്രണം ഐസിഡിഎസ് പ്രോജക്ട് ഓഫീസിനായിരിക്കും കൗൺസിലേഴ്സിന്റെ റിപ്പോർട്ടിംഗ് ഓഫീസർ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ ആയിരിക്കുന്നതാണ്.

(4) കൗൺലർമാർക്കുള്ള സ്ക്കൂളുകളുടെ ചുമതലയും അങ്കണവാടികളുടെ ചുമതലകളും ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ നിശ്ചയിക്കുന്നതാണ്.

(5) കൗൺസിലർമാർ അലോട്ട് ചെയ്ത സ്ക്കൂൾ സന്ദർശിക്കേണ്ടതും കൗൺസലിംഗ് ഏറ്റെടുത്ത് നടത്തേണ്ടതുമാണ്. കൗൺസലിംഗ് നടത്തേണ്ട ദിവസവും സ്ക്കൂളും അങ്കണവാടിയും മുൻകൂട്ടി നിശ്ചയിച്ചുറപ്പിക്കേണ്ടതാണ്.

(6) അങ്കണവാടി വഴിയുള്ള കുമാരി ക്ലബുകളുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും സമൂഹത്തിൽ കൗൺസിലിംഗ് ആവശ്യമുള്ളവരെ കണ്ടെത്തി അവർക്ക് കൗൺസലിംഗ് നൽകേണ്ടതുമാണ്.

(7) വ്യക്തിത്വവികസനം, മാനസിക വളർച്ച എന്നിവ വർദ്ധിപ്പിക്കാനുള്ള ക്ലാസ്സുകൾ സ്ക്കൂളുകളിൽ നടത്തുക. ഗ്രൂപ്പ് ചർച്ചയിലൂടെ കുട്ടികൾക്കിടയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതാണ്.

(8) ഏതെങ്കിലും കുട്ടികൾക്ക് പ്രത്യേകമായ ശ്രദ്ധയോ അത്മവിശ്വാസക്കുറവോ തോന്നിയാൽ അവർക്ക് വ്യക്തിപരമായ കൗൺസലിംഗ് നൽകേണ്ടതാണ്.

(9) ഒരു പ്രദേശത്ത് കൗൺസലിംഗ് നടത്തുന്നതിന് മുൻപ് അവിടത്തെ സ്ക്കൂൾ വഴിയോ അങ്കണവാടികൾ വഴിയോ ഒരു സർവ്വേ നടത്തി ആപ്രദേശത്തുള്ള പ്രശ്നങ്ങൾ കണ്ടെത്തേണ്ടതാണ്.

(10) സർവ്വേ റിപ്പോർട്ടിലൂടെ കണ്ടെത്തിയ കൗമാരപ്രായക്കാരുടെ പ്രശ്നങ്ങൾ മാനസിക വിദഗ്ധൻമാരുമായി ചർച്ച ചെയ്തു പരിഹരിക്കേണ്ടതാണ്.

(11) കൗൺസലിംഗിനുവേണ്ടി നിർണ്ണയിക്കപ്പെട്ട സ്ഥലത്തെ അഡോളസന്റ് പ്രോഗ്രാമുകളുടെ സാങ്കേതിക ചുമതല ബന്ധപ്പെട്ട സ്കൂൾ കൗൺസിലർക്കായിരിക്കും ആയതിനാൽ കുമാരിക്ലബുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വേണ്ടത്ര നിർദ്ദേശങ്ങൾ നൽകി പ്രവർത്തന നിലവാരം ഉയർത്തേണ്ടതാണ്.

(12) അങ്കണവാടി വഴിയുള്ള കുമാരി ക്ലബ്ബുകളുടെ പ്രവർത്തനങ്ങളുടെ പ്രതിമാസ റിപ്പോർട്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്കു നൽകേണ്ടതാണ്.

(13) ഓരോ മാസവും അങ്കണവാടി വർക്കേഴ്സ്, ഹെൽപ്പേഴ്സ്, കൗൺസിലേഴ്സ് എന്നിവരെ ശിശു വികസന പദ്ധതി ഓഫീസർമാർ മീറ്റിംഗിന് വിളിച്ചു ചേർക്കേണ്ടതും ടി മീറ്റിംഗിൽ കുമാരി ക്ലബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്.

(14) തൻമാസം നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് കൗൺസിർമാർ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്.

(15) ഏത് ദിവസമാണോ കൗൺസലിംഗ് നടത്തിയത് ആയതിന്റെ ഡ്യൂട്ടി സർട്ടിഫിക്കറ്റ് സ്ക്കൂളിലെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ നിന്നും വാങ്ങുകയും ആയത് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്ക് നൽകുകയും ചെയ്യേണ്ടതാണ്.

(16) ശിശു വികസന പദ്ധതി ഓഫീസർമാർ സ്ക്കൂൾ കൗൺസിലേഴ്സിന്റെ പ്രോജക്ട്തല മീറ്റിംഗ് എല്ലാ മാസവും വിളിച്ചു ചേർക്കേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ സാമൂഹ്യനീതി ഓഫീസിലെ ജീവനക്കാർ കൂടാതെ സ്ക്കൂൾ അധികൃതർ, കോർഡിനേറ്റേഴ്സ് എന്നിവരെ കൂടി ഉൾപ്പെടുത്തേണ്ടതുമാണ്.

സെക്ഷൻ ഓഫീസർ